**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 571** **11-11-2021 - ൽ മറുപടിയ്ക്ക്**

**മഴക്കെടുതിയിലുണ്ടായ കൃഷിനാശത്തിന് ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീമതി കെ.കെ.രമ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് 2021 ഒക്ടോബർ 16 മുതൽ 18 വരെയുണ്ടായ മൂന്ന് ദിവസത്തെ മഴക്കെടുതിയിൽ 200 കോടിയോളം രൂപയുടെ കൃഷിനാശമുണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് 2021 ഒക്ടോബർ 16 മുതൽ 18 വരെയുള്ള മൂന്ന് ദിവസത്തെ ശക്തമായ മഴയിൽ കൃഷി വകുപ്പിന്റെ ഓൺലൈൻ പോർട്ടലായ AIMS പോർട്ടലിലെ പ്രാഥമിക വിവര റിപ്പോർട്ട് പ്രകാരം 66,322 കർഷകർക്ക് 21,941.55 ഹെക്ടർ സ്ഥലത്തെ കൃഷി നശിച്ചുപോകുകയും, ആയതിന് 216.30 കോടി രൂപയുടെ നഷ്ടം തിട്ടപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള റിപ്പോർട്ട് അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | കൃഷിനാശം സംഭവിച്ച കർഷകർക്ക് അർഹമായ ധനസഹായവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | പ്രകൃതിക്ഷോഭം മൂലം നാശനഷ്ടം സംഭവിച്ച കർഷകർക്ക് കേന്ദ്ര സർക്കാരിന്റെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുമുള്ള തുകയും, സംസ്ഥാന സർക്കാരിന്റെ അധിക ധനസഹായവും നഷ്ടപരിഹാരമായി നൽകുന്നതാണ്. കൂടാതെ വിള ഇൻഷുറൻസ് പദ്ധതികളിൽ അംഗമായ കർഷകർക്ക് വിള നാശം സംഭവിച്ചാൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, പ്രധാൻമന്ത്രി ഫസൽ ബീമാ യോജന, കാലാവസ്ഥാ അധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ മുഖേന മാനദണ്ഡങ്ങൾക്കനുസരിച്ച് നഷ്ടപരിഹാര തുക നൽകുന്നതാണ്. പ്രകൃതിക്ഷോഭം മൂലം നാശനഷ്ടം സംഭവിച്ച കർഷകരെ സഹായിക്കുന്നതിനും നഷ്ടത്തിന്റെ തോത് തിട്ടപ്പെടുത്തുന്നതിനും അടിയന്തിര ഇടപെടലുകൾ നടത്തുന്നതിനുമായി ഓരോ ജില്ലകളിലും, സംസ്ഥാന തലത്തിൽ കൃഷി വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലും, കൃഷി വകുപ്പ് മന്ത്രിയുടെ ഓഫീസിലും കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നുണ്ട്. കൃഷിനാശം സംഭവിച്ച കർഷകർക്ക് അടിയന്തിര നഷ്ടപരിഹാരം ലഭിക്കുന്നതിനായി AIMS പോർട്ടൽ മുഖേന അപേക്ഷ സമർപ്പിക്കുവാൻ പത്രമാധ്യമങ്ങളിലൂടെയും സാമൂഹ്യമാധ്യമങ്ങളിലൂടെയും ബോധവൽക്കരണം നടത്തിവരുന്നു. അപേക്ഷകളിന്മേൽ ഫീൽഡ്തല പരിശോധനകൾ അടിയന്തിരമായി |

| | | | |
|---|---|---|---|
| | | | നടത്തിവരികയാണ്. 2021 ഒക്ടോബർ 12 മുതൽ 30 വരെ ഉണ്ടായ കൃഷിനാശത്തിനുള്ള ആനുകൂല്യം ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി നവംബർ 15 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. വിതച്ച നെല്ല് നഷ്ടപ്പെട്ടുപോയ കർഷകർക്ക് വിള വീണ്ടും ഇറക്കുന്നതിനായി പ്രകൃതി ദുരന്തങ്ങൾക്കായുള്ള അടിയന്തിര പരിപാടി പദ്ധതി പ്രകാരം നെൽവിത്ത് സൗജന്യമായി നൽകുന്നതിന് നെൽവിത്തിന്റെ കരുതൽ ശേഖരം കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി (KSSDA) മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) | 2018-ലെ പ്രളയത്തിൽ കൃഷി നശിച്ചവർക്ക് അർഹമായ ധനസഹായവും മറ്റ് ആനുകൂല്യങ്ങളും പൂർണമായി നൽകാൻ നാളിതുവരെ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം അറിയിയ്ക്കാമോ? | (സി) | 2018-ലെ പ്രളയത്തിൽ കൃഷി നശിച്ച അർഹരായ മുഴുവൻ കർഷകർക്കും ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| **ജില്ലയുടെ പേര്** | **കൃഷിയുടെ വിസ്തൃതി(ഹെ)** | **കർഷകരുടെ എണ്ണം** | **കണക്കാക്കിയ നഷ്ടം (തുക ലക്ഷത്തിൽ)** |
|---|---|---|---|
| ആലപ്പുഴ | 1,648.56 | 11,049 | 1,946.98 |
| ഇടുക്കി | 245.48 | 4,888 | 834.16 |
| പാലക്കാട് | 1,589.00 | 3,689 | 2,403.72 |
| കണ്ണൂർ | 96.02 | 938 | 190.36 |
| കൊല്ലം | 392.69 | 6,163 | 2,233.23 |
| എറണാകുളം | 1,845.26 | 6,258 | 1,926.24 |
| വയനാട് | 2.06 | 19 | 11.90 |
| തിരുവനന്തപുരം | 557.43 | 5,028 | 1,393.87 |
| തൃശ്ശൂർ | 11,967.83 | 6,779 | 3,132.23 |
| കാസർഗോഡ് | 52.32 | 337 | 77.38 |
| കോഴിക്കോട് | 50.30 | 1,825 | 284.35 |
| മലപ്പുറം | 618.04 | 1,773 | 713.07 |
| കോട്ടയം | 2,223.64 | 9,208 | 4,534.44 |
| പത്തനംതിട്ട | 652.92 | 8,368 | 1,948.39 |
| **ആകെ** | **21,941.55** | **66,322** | **21,630.3** |